പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1015 11.3.2015 ലെ മറുപടിയ്ക്ക്

## ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

| ചോദ്യം<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ. ജോസഫ് വാഴയ്ക്കൻ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ എട്ടാം സീസണിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | എ) | എട്ടാം സീസൺ 2015 ജനുവരി 25 നാണ് സമാപിച്ചത്. പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നു. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിച്ചിരുന്നത്; | ബി) | ഓണക്കാലം പോലെ കേരളത്തിലെ വ്യാപാര സമൂഹത്തിനും പൊതുസമൂഹത്തിനും ഒരു പോലെ ഗുണകരമാകുന്ന രീതിയിൽ സജീവമായ ഒരു വിപണനകാലം എന്നതിനോടൊപ്പം കേരളത്തിന്റെ തനതു പരമ്പരാഗത ഉത്പന്നങ്ങളുടേയും കുടുംബശ്രീ ഉത്പന്നങ്ങളുടേയും പ്രചരണവും വിപണനവും എന്നതായിരുന്നു ഈ വർഷം കൈവരിക്കാൻ ഉദ്ദേശിച്ച ലക്ഷ്യങ്ങൾ. |
| സി) | വ്യാപാര രംഗത്തിന്റെ വളർച്ചയ്ക്ക് എത്ര മാത്രം ഈ ഫെസ്റ്റിവൽ പ്രയോജനപ്പെട്ടിട്ടുണ്ട് ; | സി) | ഈ സീസണിൽ ഏകദേശം 2200 കോടി രൂപയുടെ വ്യാപാരം രേഖപ്പെടുത്തി. കുടുംബശ്രീ പ്രവർത്തകർക്ക് വ്യാപാരസ്ഥാപനങ്ങളുടെ രജിസ്ട്രേഷനിലൂടെ 7.5 ലക്ഷം രൂപയുടെ വരുമാനം ലഭിച്ചു. പിന്നോക്ക വിഭാഗ ക്ഷേമ കോർപ്പറേഷൻ വഴി കൺസ്യൂമർ വായ്പയായി 10 കോടി രൂപ നൽകിയത് വ്യാപാര പ്രോത്സാഹനത്തിന് കാരണമായി. 100% വിൽപന നികുതി തിരികെ നൽകുന്ന പദ്ധതി കേരളത്തിന് പുറത്ത് നിന്നും വിദേശ സഞ്ചാരികളെ ആകർഷിക്കുവാൻ കഴിഞ്ഞു. കയർഫെഡ്, കരകൗശല കോർപ്പറേഷൻ എന്നിവയുമായി വ്യാപാര പങ്കാളിത്തത്തോടെ നടത്തിയ പ്രവർത്തനങ്ങൾ ഈ മേഖലകളിലെ ഉത്പന്ന വിപണനത്തിന് സഹായിച്ചു. തൊഴിൽ വകുപ്പുമായി ചേർന്ന് ചവറയിൽ നടത്തിയ കരകൗശല വിപണനമേള വൈക്കോൽ ചിത്ര നിർമ്മാണ ശില്പശാല എന്നിവ കരകൗശല ഉത്പന്നങ്ങളുടെ വിപണനത്തിന് സഹായകമായി. ഷോപ്പിങ്ങ് മാളുകളിലൂടെ കുടുംബശ്രീ ഉത്പന്നങ്ങളുടെ സ്ഥിരം വിപണനത്തിന് (നാട്ടുവിപണിക്ക്) തുടക്കം കുറിച്ചു. |
| ഡി) | ഏതെല്ലാം മേഖലകളിലാണ് ഈ ഫെസ്റ്റിവൽ കേരളത്തിന്റെ വിനോദസഞ്ചാര മേഖലയെ സഹായിച്ചിട്ടുള്ളത് ? | ഡി) | കെ.റ്റി.ഡി.സി., കരകൗശല ഷോപ്പുകൾ. ഹോട്ടലുകൾ, എന്നിവയിലൂടെയും വിൽപ്പന നികുതി തിരികെ നൽകുന്ന പദ്ധതിയിലൂടെയും വിനോദസഞ്ചാരികൾക്ക് ആകർഷകമായ പാക്കേജുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയതു കാരണം കൂടുതൽ വിനോദസഞ്ചാരികൾ ഈ കാലയളവിൽ സംസ്ഥാനം സന്ദർശിക്കുന്നതിനും സന്ദർശിച്ച വിനോദസഞ്ചാരികൾക്ക് കൂടുതൽ ആകർഷണീയമായും തൃപ്തികരമായും കേരളത്തിന്റെ ഉൽപ്പന്നങ്ങളും സേവനങ്ങളും ലഭിക്കുന്നതിനും സഹായിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ